
HE

## അടിസ്ഥാന

# സുരക്ഷിത ഡ്രൈവിംഗ്

### ഡ്രൈവിംഗ് അടിസ്ഥാന മാനുവലും റോഡിന്റെ ചട്ടങ്ങളും



# ആമുഖം



ഉൾനാടൻ പ്രദേശങ്ങളെപ്പോലും പരസ്പരം ബന്ധിപ്പിക്കുന്ന ഏറ്റവും വിപുലവും, സങ്കീർണവുമായ റോഡ് ശൃംഖലയാണ് ഇന്ത്യക്ക് ഉള്ളത്.ഇന്ന്, ഇന്ത്യയിൽ ഏകദേശം 6 കോടി വാഹനങ്ങളാണ് ഉള്ളത്. വാഹനങ്ങളുടെ എണ്ണം കൂടുയതനുസരിച്ച്, അപകടങ്ങളുടെയും മരണങ്ങളുടെയും എണ്ണവും വർധിച്ചു.യഥോചിതം പരിശീലനം ലഭിച്ച ഡ്രൈവർമാരെയാണ് ആവശ്യം. സുരക്ഷിത ഡ്രൈവിംഗിന് മികച്ച പരിശീലനം വേണം. കേവലം ഡ്രൈവിംഗ് പഠിക്കുകയും, ഡ്രൈവിംഗ് ലൈസൻസ് സമ്പാദിക്കുകയും, വാഹന സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കുകയും മാത്രം പോര. നിങ്ങൾ റോഡ് സുരക്ഷാ നിയമങ്ങൾ പാലിക്കുകയും മാനിക്കുകയും വേണം. അവ നമ്മുടെ സുരക്ഷക്ക് വേണ്ടിയാണ്, അതുകൊണ്ട് നമ്മുടെ റോഡുകളിൽ നിരവധി ജീവനുകൾ രക്ഷിക്കാനും അവയ്ക്ക് കഴിയും.

## » ഇന്ത്യൻ റോഡിന്റെ സാഹചര്യം



കഴിഞ്ഞ 50 വർഷത്തെ സർവ്വേകളും സ്ഥിതിവിവരക്കണക്കുകളും അനുസരിച്ച്, ഇന്ത്യയിലെ വാഹനങ്ങളുടെ എണ്ണം 170 മടങ്ങ് വർധിച്ചപ്പോൾ റോഡ് സൗകര്യങ്ങൾ കേവലം 9 മടങ്ങാണ് വിപുലീകരിക്കപ്പെട്ടത്.രാജ്യത്തെ വാഹനങ്ങളുടെ എണ്ണം 5.5 കോടിയിലധികമാണ്, ഓരോ വർഷവും 25 ലക്ഷമെന്ന അഭൂതപൂർവ്വമായ തോതിൽ അത് വളരുകയും ചെയ്യുന്നു.ഇന്ത്യയിൽ, ദിവസവും യാത്ര ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം റോഡുകളും ദേശീയപാതകളും ഒരു പേടിസ്വപ്നമാണ്. റോഡ് ഉപയോക്താക്കൾക്ക് പകടവും മരണവും ഒഴിവാക്കാൻ ട്രാഫിക്ക് നിയമങ്ങളും ചട്ടങ്ങളും അറിഞ്ഞിരിക്കണം. സുരക്ഷിതനായ ഡ്രൈവർ ആയിരിക്കുന്നതിന് എല്ലാ റോഡ് ഉപയോക്താക്കളോടും പരിഗണനയും ക്ഷമയും പുലർത്തണം.

ഹൈവേ കോഡ് ലളിതമായ നിയമങ്ങളുടെ ഒരു സംഹിതയാണ്, പക്ഷെ അവയുടെ പ്രയോഗം റോഡുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ജീവനുകൾ രക്ഷിക്കുന്നതിനും സഹായിക്കും.

റോഡുകൾ ഉപയോഗിക്കുമ്പോഴത്തെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങൾ:

- ഒരു ഡ്രൈവറിന്റെ ഉത്തരവാദിത്തങ്ങൾ.
- ട്രാഫിക്ക് ചിഹനങ്ങളും ചട്ടങ്ങളും മനസ്സിലാക്കാൻ സമ്പൂർണമായ അറിവും കഴിവും.
- വാഹനത്തെപ്പറ്റി മതിയായ അറിവും പതിവ് മെയിന്റനൻസും.
- ഡ്രൈവിംഗ് വേളയിൽ റോഡിൽ പുലർത്തേണ്ട അച്ചടക്കം.
- മറ്റ് റോഡ് ഉപയോക്താക്കളുടെ പെരുമാറ്റം.
- ക്ലേശകരവും അപകടകരവുമായ സാഹചര്യങ്ങളിൽ പ്രതികരിക്കാനും പെട്ടെന്ന് തീരുമാനങ്ങൾ എടുക്കാനുമുള്ള കഴിവ്.
- പ്രഥമ ശുശ്രൂഷ സംബന്ധിച്ച അടിസ്ഥാന പരിജ്ഞാനം.

## » റോഡ് ഉപയോക്താവും നിയമവും

ഒരു മോട്ടോർ വാഹനത്തിന്റെ ഡ്രൈവിംഗ് എന്നതിൽ വലിയ ഉത്തരവാദിത്തമുണ്ട്. റോഡ് ട്രാഫിക്ക് നിയമങ്ങളെക്കുറിച്ചും ചട്ടങ്ങളെക്കുറിച്ചുമുള്ള ഗ്രാഹ്യതയും അറിവും, മറ്റ് റോഡ് ഉപയോക്താക്കളോടുള്ള പരിഗണനയും നമ്മുടെ റോഡുകളിൽ സുരക്ഷ ഉറപ്പുവരുത്തി നിങ്ങളെയും മറ്റുള്ളവരെയും സംരക്ഷിക്കാൻ സഹായിക്കുന്നു.

ട്രാഫിക്ക് ചട്ടങ്ങൾ അറിഞ്ഞിരിക്കുന്നതും പ്രയോഗിക്കുന്നതും അപകടങ്ങൾ കുറയ്ക്കാനും ജീവനുകൾ രക്ഷിക്കാനും സഹായിക്കും റോഡ് ഉപയോക്താക്കളിൽ കാൽനടയാത്രക്കാർ, കുട്ടികൾ, പ്രായമായവർ, വികലാംഗർ, അന്ധർ, സൈക്കിൾ സവാരിക്കാർ, സൈക്കിൾ റിക്ഷകൾ, കുതിര വണ്ടികൾ എന്നിവ ഉൾപ്പെടുന്നു. ട്രാഫിക്ക് ചട്ടങ്ങൾ നിയമാനുസൃത നിബന്ധനകളാണ്. അവ അനുസരിക്കുന്നതിലോ അനുവർത്തിക്കുന്നതിലോ വീഴ്ച വരുത്തുന്നത് ക്രിമിനൽ കുറ്റമാണ്, അത് പിഴ ചുമത്തുന്നതിനോ, ഡ്രൈവിംഗിൽ

നിന്ന് അയോഗ്യമാക്കുന്നതിനോ, ഗുരുതരമായ കേസുകളിൽ തടവിനോ ഇടവരുത്തിയേക്കാം. പരിശീലനം ലഭിക്കാത്ത ഡ്രൈവറും, അശ്രദ്ധമായ ഡ്രൈവിംഗും ഗുരുതരമായ പരിണിത ഫലങ്ങൾക്കും, ജീവന്റെയും സ്വത്തിന്റെയും നഷ്ടത്തിനും ഇടവരുത്താം. ഇന്ത്യൻ റോഡുകളിൽ ഓരോ വർഷവും 100,000 ലധികം പേർ മരിക്കുന്നു. വേറെ ഒരു മില്യൻ പേർക്ക് പരിക്കേൽക്കുകയും അംഗവൈകല്യം സംഭവിക്കുകയും ചെയ്യുന്നു. അവരിൽ മിക്കവരും കാൽനടക്കാരും, സൈക്കിൾ സവാരിക്കാരും, ടൂവീലർ സവാരിക്കാരുമാണ്.




ഇന്ത്യയിൽ, ഡ്രൈവിംഗിന് കൂടുതൽ ശ്രദ്ധയും, വൈദഗ്ധ്യവും, ജാഗ്രതയും ആവശ്യമാണ്.

റോഡ് സുരക്ഷാ വിദ്യാഭ്യാസത്തിന്റെ അഭാവം മനുഷ്യദുരന്തത്തിൽ കലാശിക്കാം, അഥവാ വലിയ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടവരുത്താം. മിക്ക റോഡ് അപകടങ്ങളും വലിയ തോതിൽ മനുഷ്യ യാതനകൾക്കും സാമ്പത്തികച്ചെലവിനും കാരണമാകുന്നു. അന്നദാതാവിന്റെ വേർപാട് കുടുംബത്തിൽ കടുത്ത പ്രതിസന്ധി ഉളവാക്കും. അത് പട്ടിണിക്ക് ഇടവരുത്തുകയും, സാമൂഹ്യ സാമ്പത്തിക വളർച്ച വിപരീതമാക്കുകയും ചെയ്യുന്നു.

റോഡ് അപകടങ്ങൾ മൂലമുള്ള മരണവും വൈകല്യങ്ങളും ലോകമെമ്പാടും വർധിച്ചുവരികയാണ്. 2020 ആകുമ്പോഴേക്കും, റോഡ് അപകടങ്ങൾ മൂലമുള്ള മരണം അസ്വാഭാവിക മരണങ്ങൾക്കുള്ള ഏറ്റവും വലിയ മൂന്നാമത്തെ ഗുരുതര കാരണമാകുമെന്നാണ് ഞഒഛ കണക്കാക്കുന്നത്.

റോഡിലെ ഇപ്പോഴത്തെ അവസ്ഥ ബഹളമയമാണ്. നമ്മൾ മെച്ചപ്പെടുത്തണം :

- ഡ്രൈവിംഗ് വൈദഗ്ധ്യവും പരിശീലനവും
- റോഡ് സൗകര്യവും ട്രാഫിക്ക് സൗകര്യവും
- എല്ലാ റോഡ് ഉപയോക്താക്കളുടെയും, നിയമ പാലക ഉദ്യോഗസ്ഥരുടെയും മനോഭാവത്തിൽ മാറ്റം വരുത്താൻ ഒരു വിദ്യാഭ്യാസ സമ്പ്രദായവും വേണം.താഴെപ്പറയുന്ന പ്രോഗ്രാമുകളുടെ നടത്തിപ്പ് റോഡ് അപകടങ്ങൾ അനുക്രമമായി കുറയ്ക്കുന്നതിനും, മെച്ചപ്പെട്ട റോഡ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കും :
- റോഡ് അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് സജീവമായ പ്ലാനിംഗ്
- റോഡ് സുരക്ഷയുടെ ഉചിതമായ മാനേജ്മെന്റ് തന്ത്രങ്ങൾ




- എല്ലാ റോഡ് ഉപയോക്താക്കൾക്കും പരിശീലനം നൽകാൻ മതിയായ അടിസ്ഥാന സൗകര്യം.
- റോഡ്സുരക്ഷ സംബന്ധിച്ച്എല്ലാറോഡ ഉപയോക്താക്കൾക്കും അറിവ് പകരുക.
- പതിവായ ബോധവൽക്കരണ പരിപാടികളും തുടർന്ന് അപ്ഡേറ്റ് ചെയ്ത റിഫ്രെഷർ കോഴ്സുകളും.
- സുരക്ഷാ ടെക്ക്നിക്കുകളും, പ്രതിരോധാത്മക ഡ്രൈവിംഗും സംബന്ധിച്ച പരിശീലന പരിപാടികൾ.




റോഡ് സുരക്ഷ കൂട്ടായതും അതുപോലെ വ്യക്തിപരവുമായ ഉത്തരവാദിത്തമാണ്.

യഥോചിതമായ പ്രതിരോധാത്മക ഡ്രൈവിംഗിനുള്ള പരിശീലനം, ഉയർന്ന തോതിലുള്ള ജാഗ്രത, മറ്റ് റോഡ് ഉപയോക്താക്കളോട് പരിഗണന എന്നിവയുടെയും, അതോടൊപ്പം കടപ്പാട്, സാമാന്യ ബുദ്ധി എന്നിവയുടെയും സമന്വയം റോഡ് സുരക്ഷ ഉറപ്പ് വരുത്തും.

# സുരക്ഷിത ഡ്രൈവിംഗ്

ഡ്രൈവിംഗ് അടിസ്ഥാന മാനുവലും റോഡിന്റെ ചട്ടങ്ങളും

# ഇംപ്രിന്റ്

ഇന്ത്യയുടെ അതിവേഗത്തിലുള്ളവികസനത്തിനൊപ്പം, ധാരാളം പ്രശ്നങ്ങളും ഉളവാകുന്നുണ്ട്. റോഡിലെ വാഹനങ്ങളുടെ എണ്ണത്തിലെ വർധനയും, മൊബൈൽ ഫോണിലുള്ള സംസാരവും, മദ്യപിച്ചും പുകവലിച്ചുമുള്ള ഡ്രൈവിംഗും, എല്ലാം അതുകൊണ്ട് ജീവനും വസ്തുവകകൾക്കും ഗുരുതരമായ നഷ്ടം വരുത്തുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

അശ്രദ്ധമായ ഡ്രൈവിംഗ് മൂലമുള്ള മരണവും പരിക്കുകളും സംബന്ധിച്ചുള്ള വാർത്തകളുടെ ബാഹുല്യമാണ്. നമ്മൾ അതീവ ശ്രദ്ധ പുലർത്തണം, സ്വയം ഈ സ്ഥിതിവിവരക്കണക്കിന്റെ ഭാഗമാകാൻ അനുവദിക്കരുത്.

അഭ്യസ്തവിദ്യരും, റോഡ് ഉപയോക്താക്കളായ സഹജീവികളുടെ കാര്യത്തിൽ ശ്രദ്ധ പുലർത്തുകയും, നിയമങ്ങളെ മാനിക്കുകയും, ഉത്തരവാദിത്തബോധത്തോടെ റോഡ് ഉപയോഗിക്കുകയും ചെയ്യുന്ന അവബോധമുള്ളവരുമായ ഡ്രൈവർമാരുടേതായ ഒരു സംസ്ക്കാരം വളർത്തിയെടുക്കുക മാത്രമാണ് ഓരോ ദിവസവും നമ്മുടെ റോഡുകളിൽ ഉണ്ടാകുന്ന അപകടങ്ങളും ദാരുണമരണങ്ങളും കുറയ്ക്കാനുള്ള മാർഗ്ഗം.

Published by **Hubert Ebner (India) Pvt. Ltd.**
**C-18, Chirag Enclave,**
**New Delhi – 110 048 (India)**
**Tel.: +91 1146107654**
**E-mail: driving@he-india.com**
**Web: www.he-india.com**
**© All rights reserved**

First edition: March 2000
Second edition: June 2002
Third edition: October 2003
Fourth edition: August 2004
Fifth edition: September 2004
Sixth edition: December 2005
Seventh edition: October 2006
Eighth edition: June 2007
Ninth edition: July 2008
Tenth edition: July 2010

പ്രസാധകരുടെ മുൻകൂർ അനുമതി ഇല്ലാതെ ഈ പ്രസിദ്ധീകരണത്തിന്റെ യാതൊരു ഭാഗവും പുനഃപ്ര സിദ്ധീകരിക്കാനോ, ഏതെങ്കിലും രൂപത്തിൽ, അഥവാ ഇലക്ട്രോണിക്ക്, മെക്കാനിക്കൽ, ഫോട്ടോകോപ്പീയിംഗ്, റിക്കാർഡിംഗ് എന്നിങ്ങനെയുള്ള രീതികളിലോ സൂക്ഷിക്കാനോ പ്രസാരണം ചെയ്യാനോ പാടില്ല. പബ്ലിക്ക് റെന്റലുകൾ അനുവദിക്കുന്നതല്ല.

# Index




**ആമുഖം** **1**

ഇന്ത്യൻ റോഡിന്റെ സാഹചര്യം 1

റോഡ് ഉപയോക്താവും നിയമവും 1





**ട്രാഫിക്ക് നിയന്ത്രണ ഉപകരണങ്ങൾ** **3**

പൊതുവായത് 3

ട്രാഫിക്ക് പോലീസ് അഥവാ വാർഡൻ 3

ട്രാഫിക്ക് ലൈറ്റുകൾ 5

ട്രാഫിക്ക് അഥവാ റോഡ് ചിഹ്നങ്ങൾ 7


നിർബന്ധിത റോഡ് ചിഹ്നങ്ങൾ 7

റോഡിലെ ജാഗ്രതാ ചിഹ്നങ്ങൾ 10

റോഡിലെ വിജ്ഞാനദായക ചിഹ്നങ്ങൾ 15

ട്രാഫിക്ക് അഥവാ റോഡ് പേവ്മെന്റ് അടയാളപ്പെടുത്തലുകൾ 17

മൊബൈൽ റോഡ് ഫർണിച്ചർ 19


**റോഡിലെ ചട്ടങ്ങൾ & പ്രതിരോധാത്മക ഡ്രൈവിംഗ്** **21**

ലേൻ മാനേജ്മെന്റ് 21

വേഗത 23

നിർത്തേണ്ട ദൂരം 25

പിന്തുടരുന്ന ദൂരം 26

ഓവർടേക്കിംഗ് 28

ഇടത്തോട്ടും വലത്തോട്ടും തിരിക്കൽ 30

പിന്നോട്ടുള്ള ഡ്രൈവിംഗ് 31

U-ടേൺ 32

നിരത്തിന്റെ വലത്തേക്കും, റോഡ് ജംഹ്ഷനിലെ ജാഗ്രതയും 33

ലൈറ്റ് സിഗ്നൽ ഇല്ലാത്ത ഇന്റർസെക്ഷനെ സമീപിക്കൽ 34

ലൈറ്റ് സിഗ്നൽ ഉള്ള ഇന്റർസെക്ഷനെ സമീപിക്കൽ 35

നേരെ പിന്നോട്ട് തിരിയൽ 35

പാർക്കിംഗ് 36





**വിവിധ തരം റോഡ് ഉപയോക്താക്കൾ** **39**

കാൽനടക്കാർ 39

സൈക്കിൾ സവാരിക്കാർ 40

എമർജൻസി വാഹനങ്ങൾ 41

സാവകാശം നീങ്ങുന്ന വാഹനങ്ങൾ 41

വലുതും ഹെവിയുമായ വാഹനങ്ങൾ 41

സ്കൂൾ ബസ്സുകൾ 41

ഓട്ടോറിക്ഷകൾ 42

ടൂവീലറുകൾ 42

ജന്തുക്കൾ 43

ആർട്ടിക്യുലേറ്റഡ് പരിശീലന വാഹനങ്ങൾ 43

# ട്രാഫിക്ക് കൺട്രോൾ സാമഗ്രികൾ



300175

റോഡിൽ അച്ചടക്കം നിലനിർത്തുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും മുന്നറിയിപ്പും വിവരങ്ങളും നൽകാനും, ട്രാഫിക്ക് ക്രമപ്പെടുത്താനും ഗവൺമെന്റ് അഥവാ പ്രാദേശിക ഭരണകൂടം ഉപയോഗിക്കുന്ന ടൂളുകളാണ് ട്രാഫിക്ക് കൺട്രോൾ സാമഗ്രികൾ. ഈ സെക്ഷനിൽ ചേർത്തിരിക്കുന്ന നിയമങ്ങൾ കാൽനടക്കാരായാലും, വാഹനങ്ങൾ ഓടിക്കുന്നവരായാലും റോഡ് ഉപയോഗിക്കുന്ന എല്ലാവർക്കും ബാധകമാണ്.

## » പൊതുവായത്

അഞ്ച് തരം ട്രാഫിക്ക് കൺട്രോൾ സാമഗ്രികളാണ് ഉള്ളത്. ഹയരാർക്കിക്കൽ ക്രമം ഇപ്രകാരമാണ്:

- ട്രാഫിക്ക് സാർജന്റ് അഥവാ വാർഡൻ.
- ട്രാഫിക്ക് ലൈറ്റുകൾ അഥവാ റോഡ് സിഗ്നലുകൾ.
- ട്രാഫിക്ക് അഥവാ റോഡ് ചിഹ്നങ്ങൾ.
- ട്രാഫിക്ക്, റോഡ് അഥവാ പേവ്മെന്റ് മാർക്കിങ്ങുകൾ.
- മൊബൈൽ റോഡ് ഫർണിച്ചർ അഥവാ പലവക ഉപകരണങ്ങൾ.

## » ട്രാഫിക്ക് പോലീസ് അഥവാ വാർഡൻ

അംഗീകൃത ഏജൻസി വിന്യസിച്ചിട്ടുള്ള ട്രാഫിക്ക് പോലീസ്, വാർഡൻ, ചഇഇ വിദ്യാർത്ഥി, ഹോം ഗാർഡുകൾ എന്നിവരോ, മറ്റേതെങ്കിലും വ്യക്തിയോ കൈകൊണ്ടുള്ള സിഗ്നലുകൾ/ മാർഷലിംഗ് കൊണ്ട് ട്രാഫിക്ക് നിയന്ത്രിക്കുന്നു. അവർനൽകുന്ന നിർദ്ദേശങ്ങൾ അന്തിമമാണ്, മേൽപ്പറഞ്ഞ ട്രാഫിക്ക് കൺട്രോൾ സാമഗ്രികളെ മറികടക്കുന്നതാണ് അവ. ഉദ്ദാഹരണത്തിന് ലൈറ്റ് സിഗ്നൽ പച്ചയാണെങ്കിലും, ട്രാഫിക്ക് വാർഡൻ കൈകൊണ്ട് നിർത്താൻ നിഗ്നൽ കാണിച്ചാൽ, നിങ്ങൾ നിർത്തണം.

300191



## ഹാൻഡ് സിഗ്നലുകൾ ഇപ്രകാരമാണ്

- പിന്നിൽ നിന്ന് വരുന്ന വാഹനത്തെ നിർത്താൻ



300554

- മുന്നിൽ നിന്ന് വരുന്ന വാഹനത്തെ നിർത്താൻ



300555

- മുന്നറിയിപ്പ് – ട്രാഫിക്ക് മുഴുവൻ അടയ്ക്കുന്നു.



300556

- മുന്നിൽ നിന്നും പിന്നിൽ നിന്നും ഒരേ സമയത്ത് വരുന്ന വാഹനം നിർത്താൻ.



300557

- ഇടതുനിന്നും വലതുനിന്നും വരുന്ന വാഹനങ്ങളെ നേരെ പോകാൻ അനുവദിക്കുന്നു.



300558

# ട്രാഫിക്ക് കൺട്രോൾ സാമഗ്രികൾ

- ഇടതുനിന്നും വലതുനിന്നും വരുന്ന വാഹനങ്ങളെ വലത്തോട്ട് തിരിക്കാൻ അനുവദിക്കുന്നു.



300559

- ഇടതുനിന്ന് വരുന്ന വാഹനങ്ങളെ മാത്രം നേരെ പോകാൻ അനുവദിക്കുന്നു.



300560

- ഇടതുനിന്ന് വരുന്ന വാഹനങ്ങളെ മാത്രം വലത്തോട്ട് തിരിയാൻ അനുവദിക്കുന്നു.



300561

- വലതുനിന്ന് വരുന്ന വാഹനങ്ങളെ മാത്രം നേരെ പോകാൻ അനുവദിക്കുന്നു.



300562

- വലതുനിന്ന് വരുന്ന വാഹനങ്ങളെ മാത്രം വലത്തോട്ട് തിരിയാൻ അനുവദിക്കുന്നു.



300563

## ഫ്രീ ലെഫ്റ്റ്

പൊതുവെ, ചെറുതോ ഇടത്തരമോ ആയ ജംഗ്ഷനുകളിൽ ഇടത്തോട്ടുള്ള തിരിവ് ഫ്രീയല്ല.

ഒരു വലിയ ജംഗ്ഷനിൽ/ഇന്റർസെക്ഷനിൽ ഇടത്തോട്ട് തിരിയാൻ ശ്രമിക്കുമ്പോൾ, ട്രാഫിക്ക് സിഗ്നലിന്റെ സ്ഥാനം പരിശോധിക്കുക.



300754

റോഡിന്റെ ഇടതുവശത്ത് ട്രാഫിക്ക് ലൈറ്റ് സ്ഥാപിച്ചിരിക്കുന്ന ഇൻർസെക്ഷനുകളിൽ, ഇടത്തോട്ടുള്ള തിരിവ് ഫ്രീയല്ല, തിരിയാൻ സിഗ്നൽ അനുവദിക്കുന്നത് വരെ കാത്തിരിക്കണം.

ട്രാഫിക്ക് ലൈറ്റിന് പുറമെ, ഇടത്തോട്ടുള്ള തിരിവ് ഫ്രീയാണോ അല്ലയോ എന്ന് സൂചിപ്പിക്കുന്ന റെഗുലേറ്ററി സൈൻ ബോർഡുകളും ഉണ്ടാകും.

ഫ്രീ ലെഫ്റ്റ് ഇല്ലെങ്കിൽ, സിഗ്നൽ പച്ചയാകാൻ കാത്തിരിക്കുക.



300565

## » ട്രാഫിക്ക് ലൈറ്റുകൾ

ട്രാഫിക്ക് ലൈറ്റുകൾ പൊതുവെ റോഡ് ജംഗ്ഷനുകളിൽ സ്ഥാപിക്കുന്നത് വാഹനങ്ങളുടെ നീക്കങ്ങൾ അനുക്രമമായി നിയന്ത്രിക്കുന്നതിനാണ്. മുഴുവൻ ട്രാഫിക്കും ഈ ട്രാഫിക്ക് ലൈറ്റുകൾക്ക് അനുസൃതമായാണ് നീങ്ങേണ്ടത്. നിങ്ങളോട് അഭിമുഖമായ ട്രാഫിക്ക് ലൈറ്റുകളിൽ നിന്നുള്ള സിഗ്നലുകൾ പാലിക്കേണ്ടതാണ്.

ലൈറ്റ് സിഗ്നലുകൾ ജംഗഷന്റെ മധ്യഭാഗത്താണ് സ്ഥാപിക്കുക. ഡിവൈഡർ ഇല്ലാത്തപ്പോൾ, അവ റോഡിന്റെ ഇടതുവശത്താണ് സ്ഥാപിക്കുക.


300203



മിക്കപ്പോഴും രണ്ട് ലൈറ്റുകൾ ഉണ്ടായിരിക്കും – ഒന്ന് ട്രാഫിക്കിനോട് ചേർന്നും, ഒന്ന് റോഡിന് കുറുകെയും, വാഹനത്തിരക്ക് മൂലം അടുത്തുള്ളത് കാണാൻ സാധിക്കാതെ വന്നേക്കാം.

ട്രാഫിക്ക് ലൈറ്റുകൾ മൂന്ന് നിറങ്ങളിലാണ്. താഴെപ്പറയുന്ന പ്രകാരമുള്ള കമാന്റുകളാണ് അവ നൽകുക:

300453




### റെഡ് ലൈറ്റ്

300202



നിർത്താനുള്ള നിർദ്ദേശം നൽകിയിരിക്കുന്നു എന്നതാണ് റെഡ് ലൈറ്റിന്റെ അർത്ഥം.

പക്ഷെ ഇടത്തോട്ട് തിരിയാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ, ഇടത്തോട്ടുള്ള തിരിവ് ഫ്രീയാണോ എന്ന് തിട്ടപ്പെടുത്തണം.

### ആംബർ ലൈറ്റ്

300204



ആംബർ ലൈറ്റിന്റെ അർത്ഥം ജാഗ്രതയാണ്.

ചുവപ്പിന് ശേഷമാണ് അത് കാണുന്നതെങ്കിൽ, മുന്നോട്ട് നീങ്ങാൻ തയ്യാറാകാൻ അത് ഡ്രൈവറിന നിർദ്ദേശം നൽകുന്നു, പച്ചക്ക് ശേഷമാണ് കാണുന്നതെങ്കിൽ വേഗത കുറയ്ക്കാനും നിർത്താൻ റെഡിയാകാന ുമാണ് ഉദ്ദേശിക്കുന്നത്.

### ഗ്രീൻ ലൈറ്റ്

300206



സുരക്ഷിതമെങ്കിൽ, മുന്നോട്ട് പോകാൻ നിങ്ങളെ അനുവദിക്കുന്നു എന്നാണ് ഗ്രീൻ ലൈറ്റിന്റെ അർത്ഥം.

എന്നാൽ, സാഹചര്യം ആവശ്യപ്പെടുന്നതുപോലെ നിർത്താൻ ജാഗ്രത പുലർത്തുകയും തയ്യാറാകുകയും വേണം.

### റെഡ് ആരോ ലൈറ്റ്

300493



റെഡ് ആരോയുടെ അർത്ഥം റെഡ് ആരോയുടെ ദിശയിൽ പോകുന്ന ട്രാഫിക്ക് നിർത്തണമെന്നാണ്.

### ഗ്രീൻ ആരോ ലൈറ്റ്

300505



ഗ്രീൻ ആരോയുടെ അർത്ഥം ഗ്രീൻ ആരോയുടെ ദിശയിലേക്കുള്ള ട്രാഫിക്ക് മുന്നോട്ട് പോകാൻ അനുവദിക്കുന്നു എന്നാണ്.

# ട്രാഫിക്ക് കൺട്രോൾ സാമഗ്രികൾ

## ബ്ലിങ്കിംഗ് റെഡ് ലൈറ്റ്

ബ്ലിങ്കിംഗ് റെഡ് ലൈറ്റ് വേഗത കുറയ്ക്കാനുള്ള മുന്നറിയിപ്പാണ്. അടുത്തുവരുന്ന ഒരു മെയിൻ റോഡിന് മുമ്പ്, ആളില്ലാത്ത റെയിൽവെ ക്രോസ്സിംഗ്, ഹൈവേ ക്രോസ്സിംഗ് എന്നിവിടങ്ങളിലോ നിങ്ങൾ ഒരു തിരക്കേറിയ റോഡിലേക്ക് കടക്കാൻ/ചേരാൻ/മറികടക്കാൻ തുടങ്ങുമ്പോഴോ ആണ് സാധാരണയായി അവ കാണുക.

300210




നിങ്ങൾ എപ്പോഴും

- നിർത്തുക
- നോക്കുക
- സുരക്ഷിതമാണെങ്കിൽ മാത്രം മുന്നോട്ട് പോകുക

## ബ്ലിങ്കിംഗ് യെല്ലോ ലൈറ്റ്

ബ്ലിങ്കിംഗ് യെല്ലോ ലൈറ്റ് ജാഗ്രത പുലർത്താനുള്ള മുന്നറിയിപ്പാണ്. മെയിൻ റോഡിലേക്ക് ചേരുന്ന സ്ലിപ്പ് റോഡ്, ഡിവൈഡറിൽ ഒരു കട്ട്, വന്നു ചേരുന്ന ട്രാഫിക്ക് എന്നിവയെക്കുറിച്ചാണ് അത് മുന്നറിയിപ്പ് നൽകുക.

300211



നിങ്ങൾ എപ്പോഴും

- വേഗത കുറയ്ക്കണം
- സുരക്ഷിതമായിരിക്കുമ്പോൾ, ജാഗ്രതയോടെ മുന്നോട്ട് പോകുക

## കാൽനടക്കാർക്കുള്ള ലൈറ്റ് സിഗ്നൽ

കാൽനടക്കാർക്ക് പ്രത്യേകം സിഗ്നലുകൾ ഉണ്ട്. മുറിച്ചുകടക്കാൻ കാത്തുനിൽക്കുന്ന കാൽനടക്കാരെ അഭിമുഖീകരിച്ച് മനുഷ്യരൂപം ഉള്ളതോ ഇല്ലാത്തതോ ലൈറ്റുകൾ ഉണ്ടാകും

സിഗ്നൽ ഗ്രീൻ ആകാൻ കാത്തിരിക്കുകയും, സീബ്രാ ക്രോസ്സിങ്ങിൽ മാത്രം മുറിച്ചുകടക്കുകയും ചെയ്യുക.

300215



**റെഡ് എന്നാൽ നിർത്തുക എന്നാണർത്ഥം**

300212



**ബ്ലിങ്കിംഗ് എന്നാൽ റെഡ് ആകുന്നതിന് മുമ്പ് ജാഗ്രത പുലർത്തുക എന്നാണർത്ഥം**

300216



**ഗ്രീൻ എന്നാൽ മുറിച്ചുകടക്കാൻ അനുയോജ്യം**

300214

